ശ്രീ. സി. സി. അയ്യപ്പൻ : മുളവെട്ടി കൊണ്ടുപോകുന്നതിനു് ഇപ്പോൾ ഫീസു വസൂലാക്കുന്നതായറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തന്നെയാണു് ഇപ്പോൾ പറഞ്ഞതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ പനമ്പു വ്യവസായത്തിനു് ഒരു മാർക്കറ്റുണ്ടാക്കുന്ന കാര്യം ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ മാർക്കറ്റുണ്ടു്.

സർക്കാർ ജീവനക്കാരുടെ കായ്ക്കശേഷി.

✱ 571. [23] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചതോടുകൂടി സർക്കാർ ജീവനക്കാരുടെ കായ്ക്കശേഷി വർദ്ധിക്കുകയും, സർക്കാർ കാര്യങ്ങളുടെ നടപടികളിലുള്ള കാലതാമസം കുറയുകയും ചെയ്തിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) : ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : ഇപ്പോഴും സർക്കാർ കാര്യങ്ങളുടെ നടപടിയിലുള്ള കാലതാമസത്തിനു യാതൊരു കുറവും വന്നിട്ടില്ലായെന്നു് പൊതുധാരണയുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ ധാരണ മാറാൻ ശ്രമിച്ചാൽ കൊള്ളാം.

ശ്രീ. എൻ. ജി. ചാക്കോ : സർക്കാർ ഫയലുകളുടെ തീരുമാനത്തിലുള്ള കാലതാമസം കുറയ്ക്കുന്നതിനു് എന്തെങ്കിലും ഇഫക്ടീവു് ആയ നടപടി ഗവണ്മെൻറു സ്വീകരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫയലുകൾ തീരുമാനിക്കുന്നതിനു കാലം വേണം. ആ കാലതാമസം കുറച്ചു കുറഞ്ഞിട്ടുണ്ടെന്നാണു ഗവണ്മെൻറു വിശ്വസിക്കുന്നതു്; ഇനിയും കുറഞ്ഞാൽ കൊള്ളാം.

ശ്രീ. സി. എ. മാത്യു : ശമ്പളത്തിൻെറ കുറവുകൊണ്ടാണോ കാലതാമസം ഉണ്ടായിരുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ശമ്പളത്തിൻെറ കുറവുകൊണ്ടാണെന്നു ഗവണ്മെൻറു വിചാരിക്കുന്നില്ല. എല്ലാംകൂടി ഒന്നിച്ചു സംഭവിക്കുകയാണു ചെയ്തതു്.

പമ്പാവാലി സ്കീം.

✱ 572. [24] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലി സ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly